## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, തിരുവനന്തപുരം - ന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ**

**വിഷയം:** കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതം അടച്ചിടുന്നത് - സംബന്ധിച്ച്.

**സൂചന:** വയനാട് വൈൽഡ്‌ലൈഫ് വാർഡന്റെ 29.02.2016 ലെ ഡബ്ള്യു.6-1394/12 നം കത്ത്.

**ഉത്തരവ് നം.ഡബ്ള്യു.എൽ4-11201/16 തീയതി: 01.03.2016**

അതികഠിനമായ വേനൽ തുടരുന്നതിനാലും ഇടമഴ ലഭിക്കാത്തതു മൂലവും വയനാട് വന്യജീവി സങ്കേതത്തിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെട്ടു വരികയാണ്. വരൾച്ച കാരണം ഉണങ്ങിയ അടിക്കാടുകളും പൂത്തുണങ്ങിയ മുളകളും കൊഴിഞ്ഞു വീഴുന്ന ഇലകളും കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാദ്ധ്യത വളരെയധികം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇക്കോട്ടൂറിസത്തിന്റെ ഭാഗമായുള്ള വന സന്ദർശനവും, വാഹനങ്ങൾ റോഡരികിൽ പാർക്ക് ചെയ്യുന്നതും കാട്ടുതീ ഉണ്ടാക്കാനുള്ള സാധ്യത കൂടുതലാക്കുന്നു. കൂടാതെ വേനൽ കനത്തതോടെ വനാന്തർ ഭാഗത്ത് വന്യജീവികൾക്ക് തീറ്റയും വെള്ളവും കുറയുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതായും വെള്ളത്തിനും, ഭക്ഷണത്തിനുമായി വന്യജീവികൾ മനുഷ്യവാസമുള്ള പ്രദേശങ്ങളിലേക്ക് കടന്നുവരുന്നത് ആരംഭിച്ചിട്ടുള്ളതായും വൈൽഡ്‌ലൈഫ് വാർഡൻ, വയനാട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സന്ദർശകരുടെ സാന്നിദ്ധ്യം വന്യജീവികളുടെ സ്വൈരവിഹാരത്തിന് വിഘാതമാകുന്നതിനും തദ്വാര സന്ദർശകർക്ക് അപകട സാധ്യത ഉണ്ടാകുന്നതിനും ഇടയുണ്ട്. വയനാട് വന്യജീവി സങ്കേതത്തിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ പാരാ: 6.4.2.5 ൽ വന്യജീവി സങ്കേതം കാട്ടുതീ ഭീഷണി ഉണ്ടാകുന്ന പക്ഷം അടച്ചിടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കാട്ടുതീ സാധ്യത, വന്യജീവികളുടെ സ്വൈരവിഹാരം, സന്ദർശകരുടെ സുരക്ഷിതത്വം എന്നിവ പരിഗണിച്ച് 2016 മാർച്ച് 8 മുതൽ ഏപ്രിൽ 20-ാം തീയതി വരെ വിനോദ സഞ്ചാരികളുടെ പ്രവേശനം ഒഴിവാക്കുന്നതിലേയ്ക്കായി വയനാട് വന്യജീവി സങ്കേതം അടച്ചിടുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

2/3

2/3/16

ACF (G/O)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ്:
1. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വന്യജീവി വിഭാഗം), പാലക്കാട്
2. വൈൽഡ്‌ലൈഫ് വാർഡൻ, വയനാട്.
3. ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
4. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്) (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുവാൻ)

2/3/16 ACF (FMIS)

D:\Files\2016.Sh\Section Files\WL4\Proceedings.Mal.doc